(ഡി) പരാതി ഉണ്ടെങ്കിൽ, അന്വേഷണം നടത്തി വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

കേരള ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ

1079 [2001] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, പി. സീതിഹാജി:
,, പി. എം. അബൂബക്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയിൽ എത്ര കേസുകൾ കെട്ടിക്കിടപ്പുണ്ട്;

(ബി) ഇവയിൽ 10 വർഷത്തിനുമേൽ പഴക്കമുള്ള കേസുകൾ എത്ര?

ഉത്തരം

(എ) 52,508 (30—6—1986 വരെ)

(ബി) 3 എണ്ണം

ചക്കിയുടെ മരണം

1080 [2004] ശ്രീ. കെ. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട കുന്ദമംഗലം പഞ്ചായത്തിലെ കളരിക്കണ്ടി എന്ന സ്ഥലത്തെ വെള്ളാരം പാലിൽ ചക്കി എന്ന 45 വയസ്സുള്ള കർഷകത്തൊഴിലാളിയുടെ സംശയകരമായ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇതിനകം കുറ്റക്കാരെ കണ്ടുപിടിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉവ്വ്.

(ബി) ഇല്ല. കേസ്സിന്റെ അന്വേഷണം തുടർന്നുകൊണ്ടിരിക്കുകയാണ്.

നമ്പോടൻകണ്ടി ഹമീദിന്റെ കൊലപാതകം

1081 [2005] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1965 മാർച്ച് 25-ന് കോഴിക്കോട് ജില്ലയിലെ നരിപ്പാറ പഞ്ചായത്തിലെ മണ്ണൂരത്താഴ നമ്പോടൻകണ്ടി ഹമീദ് എന്നയാൾ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് അന്വേഷണം എപ്പോൾ വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണത്തിൽ പ്രതിയെ തിരിച്ചറിയാനുള്ള തെളിവു ലഭ്യമായിട്ടില്ല.

(ബി) ഇല്ല.

(സി) കോഴിക്കോട് റെക്കം ബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ കേസ് ഊർജ്ജിതമായി അന്വേഷണം നടത്തുന്നുണ്ട്.

പ്രേമദാസന്റെ കൊലപാതകം

1082 [2006] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട കാരന്തൂരിലെ പ്രേമദാസൻ എന്നയാൾ കൊലചെയ്യപ്പെട്ടതു സംബന്ധിച്ച് ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ, ബി) പ്രേമദാസൻ മരിക്കുന്നതിനുമുൻപ് പുതിമേട്ടിൽ അപ്പുട്ടി എന്നയാൾ ടിയാനെ ടോർച്ചു കൊണ്ടടിച്ചതിന് അറസ്റ്റുചെയ്തിട്ടുണ്ട്. പ്രതികൾ ആരെല്ലാമാണെന്നുള്ള അന്വേഷണത്തിലിരിക്കുകയാൽ മറ്റാരെയും അറസ്റ്റു ചെയ്തിട്ടില്ല.

പത്മനാഭന്റെ മരണം

1083 [2007] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട മുക്കം പഞ്ചായത്തിലെ കല്ലായി എന്ന സ്ഥലത്തെ കന്നുസ് പറമ്പിൽ പത്മനാഭൻ എന്നയാളുടെ സംശയകരമായ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) പ്രസ്തുത അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താമരശ്ശേരി സർക്കിൾ ഇൻസ്പെക്ടർ മുഖേന ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly